## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *40

05.06.2018 ൽ മറുപടിക്ക്

## സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. സ്വരാജ്**<br>**ശ്രീ. ബി. സത്യൻ**<br>**ശ്രീമതി. യു. പ്രതിഭ ഹരി**<br>**ശ്രീമതി വീണാ ജോർജ്ജ്** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗത്തും മറ്റ് മേഖലകളിലും പരിജ്ഞാനം നേടിയ യുവാക്കളെ തൊഴിലന്വേഷകർ എന്ന നിലയിൽ നിന്നും മാറ്റി സംരംഭകരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) & (ബി) | യുവാക്കളെ തൊഴിൽ അന്വേഷകർ എന്ന നിലയിൽ നിന്നും മാറ്റി സംരംഭകരാവാൻ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി "യുവസംരംഭകത്വ വികസന പദ്ധതി" സ്കൂൾതലം മുതൽ വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കും സംരംഭകത്വ സംസ്കാരവും അഭിരുചിയും വികസിപ്പിക്കാൻ ഉതകുന്നതാണ്. ഭാവി സാങ്കേതിക വിദ്യ സ്കൂൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക, കോളേജ് വിദ്യാർത്ഥികൾക്ക് Innovation & Entrepreneurship Development (IEDC) സ്ഥാപിക്കുക. വർക്ക്ഷോപ്പ് , മറ്റ് പ്രചരണ പരിപാടികൾ. ഇൻക്യുബേഷൻ. ഇന്നവേഷൻ ഗ്രാന്റ് , വിപണന സഹായം. സീഡ് ഫണ്ട് ലാബുകൾ ഉടങ്ങിയവയിലൂടെ യുവതയുടെ മനസ്സിൽ തൊഴിൽദാതാക്കളാവാനുള്ള സംരംഭകത്വത്തിനായി വിവിധ പദ്ധതികൾ സ്റ്റാർട്ടപ് മിഷൻ സ്വീകരിച്ചുവരുന്നു.<br>ശാസ്ത്ര സാങ്കേതിക രംഗത്തും മറ്റ് മേഖലകളിലും പരിജ്ഞാനം നേടിയ യുവാക്കളെ സംരംഭകരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ |
| (ബി) | സംരംഭകത്വ വികസനത്തിന് സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്, ഇതുകൂടാതെ, 11 ഓളം കലാലയങ്ങളിലും കെ എസ് ഐ ഡി സി യുടെ സഹകരണത്തോടെ ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നൂതനമായ ആശയങ്ങളുമായി വരുന്ന യുവസംരംഭകർക്ക് പ്രാഥമിക മൂലധന സഹായമായി 25 ലക്ഷം രൂപ വരെ നൽകി വരുന്നു. കെഎസ് ഐ ഡി സി യുമായി സഹകരിക്കുന്ന യുവസംരംഭകർക്ക് കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും മറ്റ് ചർച്ചാ യോഗങ്ങളും നടത്തി വരുന്നു. |
| **(സി)** | കോവളത്ത് വച്ച് നടന്ന ഹഡിൽ കേരള സംഗമം എത്രമാത്രം പ്രയോജനപ്രദമായിരുന്നെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | **(സി)** | ഹഡിൽ കേരളയെ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ട്. ഇന്റർനെറ്റ് ആന്റ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച പ്രസ്തുത പ്രോഗ്രാമിലെ ഒരു പ്രധാന പങ്കാളി കേരള സ്റ്റാർട്ടപ് മിഷൻ ആയിരുന്നു. ദേശീയ തലത്തിലെ സ്റ്റാർട്ടപ്പുകളും സംസ്ഥാന സ്റ്റാർട്ടപ്പുകളും പങ്കെടുത്ത പ്രോഗ്രാമിൽ അന്യോന്യം സംവദിക്കുന്നതിനും മനസ്സിലാക്കുന്നതിനും സഹായകമായി. കൂടാതെ, പങ്കെടുത്ത വിവിധ നിക്ഷേപകരുമായി ബന്ധം സ്ഥാപിക്കുന്നതിനും നിക്ഷേപം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും ചില സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ഉറപ്പുവരുത്താനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. ദുബായ് ഷാർജ ഭരണാധികാരികളും നോർവേയിൽ നിന്നും ട്രൂകോളർ സ്ഥാപകനും പങ്കെടുത്തതിൽ നിന്ന് അവരുമായി ബന്ധപ്പെട്ട് വിപണന സാധ്യതകളും വിജ്ഞാനവും പങ്കുവയ്ക്കുന്നതിനും ഈ പ്രോഗ്രാം സഹായിച്ചിട്ടുണ്ട്. |
| **(ഡി)** | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം വഴിയും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, ഇ. ഡി ക്ലബ്ബുകൾ എന്നിവ മുഖേനയും സംരംഭകത്വ പ്രോത്സാഹനത്തിന് നടത്തി | **(ഡി)** | കേരള സ്റ്റാർട്ടപ് മിഷൻ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും സംരംഭകത്വത്തിനെ നേരിട്ടോ അല്ലാതെയോ പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിനായി തിരുവനന്തപുരം, |

| | | | |
|---|---|---|---|
| | വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | | എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ നേരിട്ട് നടത്തിവരുന്നു. കൂടാതെ സർക്കാർ സ്ഥാപനങ്ങളോ മറ്റു സ്വകാര്യ സ്ഥാപനങ്ങളോ നടത്തിവരുന്ന ഇൻക്യുബേറ്ററുകളെ പ്രോത്സാഹിപ്പിക്കുയും സഹായിക്കുകയും ചെയ്തുവരുന്നു. വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിനായി 211 കോളേജുകളിൽ ഇതിനകം ഇന്നോവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് വികസന സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. നൈപുണ്യ വികസനത്തിനായി വിവിധ തരം വർക്ക് ഷോപ്പുകൾ, മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ, മെന്ററിങ് സെഷനുകൾ, ഹാക്കത്തോണുകൾ, ഐഡിയത്തോണുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്.<br>കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ ഉള്ള ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ മുഖേന യുവസംരംഭകർക്ക് സംരംഭകത്വ പ്രോത്സാഹനത്തിനായി കൃത്യമായ ഇടവേളകളിൽ മാർഗ നിർദ്ദേശ സെമിനാറുകളും കാലിക പ്രസക്തിയുള്ള ചർച്ചായോഗങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ